LIBRARY ARCHIVES Kerala Legislative Assembly

ജയിലുകളിലെ മയക്കുമരുന്ന് വിൽപ്പന

*20 [19] *ശ്രീ. തോമസ് ചാഴികാടൻ :*

„ *കെ. നാരായണക്കുറുപ്പ് :*

„ *റോഷി അഗസ്റ്റിൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ മയക്കുമരുന്ന് വിൽപ്പന നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) തടവുകാർക്ക് ലഹരിമരുന്നുകൾ എത്തിച്ചുകൊടുക്കുന്ന സംഘങ്ങളെപ്പറ്റി സർക്കാരിന് അറിവ് ലഭിച്ചിട്ടുണ്ടോ;

(ഡി) കോടതികളിലും വൈദ്യപരിശോധനയ്ക്കും മറ്റുമായി പുറത്തുപോകുന്ന തടവുകാർ മുഖേനയാണ് ഇത്തരം ലഹരിമരുന്നുകൾ ജയിലിൽ എത്തുന്നതെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പുറത്തുപോയി തിരിച്ചു വരുന്ന തടവുകാരുടെ ദേഹപരിശോധന കർക്കശമാക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി) :*

(എ) & (ബി) ഇല്ല. എന്നാൽ ചില പ്രതികളിൽനിന്നും മയക്കുമരുന്നുകൾ കണ്ടെടുത്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) & (ഇ) ഉണ്ട്. പുറത്തുനിന്നും വരുന്ന പ്രതികളെ കർശനമായി ജയിൽനിയമ പ്രകാരം ജയിൽകവാടത്തിൽവച്ച് ദേഹപരിശോധന നടത്തിയാണ് ജയിലിൽ പ്രവേശിപ്പിക്കുന്നത്. ജയിലിൽ നിരോധിത വസ്തുക്കൾ കടത്തുവാൻ ശ്രമിക്കുന്നത് പിടിക്കപ്പെടാറുമുണ്ട്.

ഹവാല ഇടപാട് സംബന്ധിച്ച അന്വേഷണം

*21 [20] *ശ്രീ. കെ. കെ. ജയചന്ദ്രൻ :*

„ *എം. വി. ഗോവിന്ദൻ മാസ്റ്റർ :*

„ *പി. സി. ജോർജ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹവാല ഇടപാടുവഴി 700 കോടി രൂപ കേരളത്തിലേക്ക് കടത്തിയത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് കേന്ദ്ര അന്വേഷണ ഏജൻസികൾ അന്വേഷണം നടത്തുന്നുണ്ടോ;